35

# താൻ ദൈവമെന്നു വിചാരിച്ച മനുഷ്യൻ

## (12:1- 3, 18- 23)

ഒരു ദിവസം നെബൂഖദ്നേസർ രാജാവ് രാജമന്ദിരത്തിൽ ഉലാത്തിക്കൊണ്ടിരുന്നപ്പോൾ, അവൻ പറഞ്ഞു തുടങ്ങി, "ഇതു ഞാൻ എന്റെ ധനമാഹാത്മ്യത്താൽ എന്റെ പ്രതാപമഹത്വത്തിനായിട്ടു രാജധാനിയായി പണിത മഹതിയാം ബാബേൽ അല്ലയോ?" (ദാനിയേൽ 4:30). ഈ വാക്കുകൾ അവൻ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ തന്നെ, സ്വർഗ്ഗത്തിൽനിന്നു ഒരു ശബ്ദം ഉണ്ടായി:

> നെബൂഖദ്നേസർ രാജാവേ, ... നിന്നോടു ഇതു കല്പിക്കുന്നു, രാജത്വം നിന്നെ വിട്ടു നീങ്ങിയിരിക്കുന്നു. നിന്നെ മനുഷ്യരുടെ ഇടയിൽനിന്നു നീക്കിക്കളയും, നിന്റെ പാർപ്പ് കാട്ടിലെ മൃഗങ്ങളോടുകൂടെയായിരിക്കും.നിന്നെ കാളയെപ്പോലെ പുല്ലു തീറ്റും ... അത്യുന്നതനായവൻ മനുഷ്യരുടെ രാജത്വത്തിന്മേൽ വാഴുകയും, അതിനെ തനിക്കു ബോധിച്ചവന്നുകൊടുക്കയും ചെയ്യുന്നുഎന്നു നീ അറിയുന്നതുവരെ നിനക്കു ഏഴു കാലം കഴിയും (ദാനിയേൽ 4:31, 32).

ഉടനെ, നെബൂഖദ്നേസർ ഒരു മൃഗത്തെപ്പോലെ' പെരുമാറാൻ തുടങ്ങി. അവൻ വയലിലേക്കു പോയി - ഒരുപക്ഷെ രാജധാനിയുടെ തോട്ടമാകാം - "അവൻ കാള എന്നപോലെ പുല്ലു തിന്നുവാൻ തുടങ്ങി. അവന്റെ ദേഹം ആകാശത്തിലെ മഞ്ഞുകൊണ്ട് നനയുകയും ചെയ്തു, അവന്റെ രോമം കഴുകന്റെ തൂവൽ പോലെയും അവന്റെ നഖം പക്ഷിയുടെ നഖം പോലെയുമായി" (ദാനിയേൽ 4:33).

രാജാവിന്റെ ബുദ്ധി മടങ്ങി വന്നപ്പോൾ, തന്റെ വിജയത്തിനുത്തരവാദി ദൈവമാണെന്ന് അവൻ തിരിച്ചറിഞ്ഞു: "ഇപ്പോൾ നെബൂഖദ്നേസർ എന്ന ഞാൻസ്വർഗ്ഗസ്ഥനായ രാജാവിനെ സ്തുതിച്ചു, പുകഴ്ത്തി, ബഹുമാനിക്കുന്നു. അവന്റെ പ്രവൃത്തികൾ ഒക്കെയും സത്യവും അവന്റെ വഴികൾ ന്യായവുമാകുന്നു. നിഗളിച്ചു നടക്കുന്നവരെ താഴ്ത്തു

വാനും അവൻ പ്രാപ്തൻ തന്നേ" (ദാനിയേൽ 4:37). "നിഗളിച്ചു നടക്കുന്നവരെ താഴ്ത്തുവാനും അവൻ പ്രാപ്തൻ തന്നേ" എന്നതു അടിവരയിടുക. ആ പ്രസ്താവനയുടെ മുഴുവൻ സത്യത്തിന്റെയും തെളിവ് നാം ഈ പാഠത്തിൽ കാണും.

പുതിയ നിയമത്തിൽ നെബൂഖദ്നേസറിനോടു തുല്യൻ ഹെരോദാവ് അഗ്രിപ്പാ ഒന്നാമനാണ്. ഈ ഹെരോദാവാണ് യാക്കോബിനെ വാൾ കൊണ്ടു കൊല്ലിച്ചത്, അവൻ തന്നെയാണ് പത്രൊസിനെ തടവിലാക്കി കൊല്ലാൻ ശ്രമിച്ചതും. നമ്മുടെ പഠനം പുരോഗമിക്കുമ്പോൾ, ഹോരോദാവ് എങ്ങനെനെ "ദേവന്റെ" സ്ഥാനപ്പേർ സ്വീകരിച്ചു എന്നും കർത്താവ് അവനെ എങ്ങനെ താഴ്ത്തി എന്നും കാണും.

### ഹെരോദാവിന്റെ കുടുംബം

ഹെരോദാ അഗ്രിപ്പാ ഒന്നാമനെ മനസിലാക്കുവാൻ, അവന്റെ പശ്ചാത്തലം നോക്കേണ്ടതുണ്ട്. "താൻ ദൈവമെന്നു വിചാരിച്ച *മനുഷ്യനായിരുന്നു* അവൻ." കാരണം അവൻ വന്നത് തങ്ങൾ ദേവന്മാർ എന്നു വിചാരിച്ചിരുന്ന *കുടുംബത്തിൽ*നിന്നാണ്.[2] തന്റെ കുടുംബത്തിന്റെ ജീവിതവും ഭാഗ്യവും - ഹെരോദാവുമാരുടെ കുടുംബം - യേശുവിന്റേയും ആദ്യ ശിഷ്യന്മാരുടെയും ജീവിതത്തിൽ താല്പര്യമുള്ളവരായിരുന്നു.

ചുരുങ്ങിയത് പതിനൊന്നു ഹെരോദ്യാ കുടുംബത്തെയും, പത്തു പേരുടെ പേരും പുതിയ നിയമത്തിൽ പറയുന്നുണ്ട്. നിങ്ങളുടെ മനസിലേക്കു അവർ വരേണ്ടതിന്ന്, "ഹെരോദാവ്" എന്ന ചെറിയ പേർ പോലുള്ള പദവിയെ മനസിലാക്കണം. ആ കുടുംബത്തെ അറിയാത്തവർക്കു ഒരുപാട് "ഹെരോദാവ്" വരുന്നതുകൊണ്ട് പരിഭ്രാന്തിയുളവാക്കും. ഹെരോദാവ് അഗ്രിപ്പാ 1-ാമനെയും മറ്റംഗങ്ങളെയും തരംതിരിച്ചറിയവാൻ, നമുക്ക് ആ കുടുംബ വൃക്ഷത്തിന്റെ ശിഖരങ്ങളെ നോക്കാം.[3]

ഹെരോദാവ് അഗ്രിപ്പാ 1-ാമന്റെ മുത്തച്ഛനായിരുന്ന വലിയ ഹെരോദാവിൽ നിന്നു നമ്മുടെ അവലോകനം തുടങ്ങാം, വലിയ ഹെരോദാവിനെ (തിരുവെഴുത്തിൽ വെറും "ഹെരോദാ" എന്നു പറഞ്ഞിരിക്കുന്നു; ലൂക്കൊസ് 1:5). യേശു ജനിച്ചപ്പോൾ ശിശുക്കളെ കൊന്ന ഹെരോദാവായിരുന്നു അത് (മത്തായി 2:1-19). അവൻ ഏദോമ്യൻ[4] ആയിരുന്നു, ഏശാവിന്റെ പിൻഗാമി. യെഹൂദന്മാരുടെ സ്വാതന്ത്ര്യ പോരാളികൾ ആയ മക്കാവീസ്,[5] മുമ്പ് ഏദോമ്യരെ കീഴ്പ്പെടുത്തിയിരുന്നു, ആ സമയത്ത് ഏദോമ്യരെ നിർബന്ധമായി പരിഛേദന കഴിപ്പിച്ചിരുന്നു. അവരെ യെഹൂദന്മാരെന്നോ, യെഹൂദമതാനുസാരികൾ എന്നോ വിളിച്ചിരുന്നു എന്നതു വലിച്ചു നീട്ടിയ ഊഹം മാത്രമാണ്. എങ്ങനെയായാലും, ഹെരോദാവ് യെഹൂദമതത്തിൽ നിന്നു വിവാഹം ചെയ്തിരുന്നു; അവന്റെ രച്ചിസ് ഒരു വിവാഹം മക്കാബിയൻ നായകൻമാരുടെ പിൻതലമുറയിൽപെട്ട യെഹൂദസ്ത്രീയായ മരിയാം രാജകുമാരിയായിരുന്നു.

വലിയ ഹെരോദാവ് യുവാവ് ആയിരിക്കുമ്പോൾ തന്നെ, ഗലീലിയിൽ ഗവർണ്ണർ ആയി. ക്രമേണ, അവന്നു കൂടുതൽ പ്രദേശങ്ങളുടെ ഉത്തരവാദിത്വം കൊടുത്തു, രാജസ്ഥാനവും നല്കി. അവൻ യെഹൂദന്മാർക്കിടയിൽ അത്ര പ്രചാരമുള്ളവനായിരുന്നില്ല, പക്ഷെ ഒരു ഹെരോദ്യ

പാർട്ടി രൂപം കൊണ്ടു, അതു ഭാഗികമായി മതപരവും, ഭാഗികമായി രാഷ്ട്രീയവുമായിരുന്നു (മത്തായി 22:16; ലൂക്കൊസ് 3:6; 12:13).

കെട്ടിടത്തിൽ താല്പര്യമുള്ളവനായിട്ടാണ്[6] ഹെരോദാവ് അറിയപ്പെട്ടത്. യെരൂശലേമിലെ ദൈവാലയം പുതുക്കി പണിതതായിരുന്നു[7] അവന്റെ ഏറ്റവും വലിയ നേട്ടം. രാഷ്ട്രീയ ശത്രുക്കളോടുള്ള അവന്റെ ചിത്തഭ്രമവും അറിയപ്പെട്ടിരുന്നു.[8] മരിയാമിനാൽ അവന്റെ രണ്ടു മക്കളെ അവൻ താഴ്ത്തി കൊന്നുകളഞ്ഞു. (ഒരാൾ തന്റെ സ്വന്തം മക്കളെ കൊല്ലുവാൻ മടിക്കാത്തവനായാൽ മറ്റുള്ളവരുടെ മക്കളെ കൊല്ലുവാൻ തയ്യാറായതിൽ അതിശയിക്കാനില്ല!) ക്രമേണ അവൻ മരിയാമിനേയും കൊന്നു, ഒരുപക്ഷെ അൻ സ്നേഹിച്ച ഏകഭാര്യ അവളായിരുന്നേക്കാം.

വലിയ ഹെരോദാവ് മുപ്പത്തി – ഏഴു വർഷം ഭരിച്ചു, അവസാനം മാറാത്ത നികൃഷ്ഠ രോഗത്തിനിരയായി മരിച്ചു (അവന്റെ മരണത്തെ കുറിച്ചു മത്തായി 2:19, 20–ൽ പറയുന്നു). അവൻ മരിച്ചപ്പോൾ, റോമാപ്രദേശങ്ങൾ നാലായി ഭാഗിച്ചു, ഓരോന്നും ഭരിച്ചിരുന്നത് ടെട്രാർച്ച് ആണ് ("നാലാം ഭരണാധികാരി").[9] വലിയ ഹെരോദാവിന്റെ മൂന്നു മക്കൾ (ഹെരോദാവ് അഗ്രിപ്പാവ് 1–ന്റെ അങ്കിൾമാർ) ഓരോരുത്തർക്കും ഓരോ ഭാഗം കിട്ടി, നാലാമത്തേത് ഹെരോദ്യ കുടുംബത്തിനു പുറത്തുള്ള – ലുസാന്യാസിന്നു അനുവദിച്ചു കിട്ടി (ലൂക്കൊസ് 3:1).

ഒരു മകനായ, അർക്കലെയോസ്, യെഹൂദ്യ, ശമര്യ, ഇദൂമിയ (ഏദോം) എന്നിവയുടെ ഭരണാധികാരിയായി. അവൻ തന്റെ മുൻകോപത്തിന്നു കേൾവി കേട്ടവനായിരുന്നു. അർക്കലെയാസിനെ ഭയപ്പെട്ടതുകൊണ്ടാണ്, യോസേഫും, മറിയയും, യേശുവും യെരുശലേമിലേക്കു മടങ്ങി വരാതിരുന്നത്, അവർ ഗലീലയിലെ നസറേത്തിലേക്കാണ് പോയത് (മത്തായി 2:19–23). അർക്കലെയാസ് യെഹൂദന്മാരെ അധികം ശിക്ഷിക്കയാൽ എ.ഡി. 6–ൽ ഗൗളിലേക്കു മാറ്റപ്പെട്ടു. റോം പല ഗവർണ്ണർമാരെയും നിയമിച്ചതിൽ (അഞ്ചാമത്തേതായിരുന്നു പൊന്തിയോസ് പിലാത്തോസ്; ലൂക്കൊസ് 3:1).

മറ്റൊരു മകനായിരുന്ന, ഹെരോദാവ് അന്തിപ്പാസിനെ ("ഹെരോദാവ്" എന്നു മാത്രമാണ് തിരുവെഴുത്തിൽ വിളിച്ചിരിക്കുന്നത്; ലൂക്കൊസ് 8:3) ഇടപ്രഭുവാക്കി (മത്തായി 14:1; ലൂക്കൊസ് 3:1, 19; 9:7; പ്രവൃത്തികൾ 13:1). ഹെരോദാവ്മാരിൽ ഏറ്റവും നല്ലവനായി അറിയപ്പെട്ടവനായിരുന്നു അവൻ യേശവിന്റെ പരസ്യ ശുശ്രൂഷാ സമയത്താണ് ഭരിച്ചിരുന്നത് (യേശു വലിയ പ്രവൃത്തികൾ ചെയ്ത ഗലീലിയിലാണ് അവൻ വാണിരുന്നത്). ഉപായശാലിയായും (ലൂക്കൊസ് 13:31, 32) അന്ധവിശ്വാസിയായും (മത്തായി 14:1, 2; ലൂക്കൊസ് 9:7–9), ദേശത്ത് ധർമ്മലോപം വരുത്തി (മർക്കൊസ് 8:15). മോഹത്തിനിരയായി ഹെരോദാവ് അന്തിപ്പാസ് തന്റെ അർത്ഥ – സഹോദരനായിരുന്ന ഹെരോദാവ് ഫിലിപ്പൊസ് 1–ാമന്റെ ഭാര്യയും[10] മരുമകളും[11] ആയവളെ ഭാര്യയാക്കാനായി തന്റെ ഒരു ഭാര്യയെ ഉപേക്ഷിച്ചു. അവന്റെ ഈ തെറ്റു ചൂണ്ടിക്കാണിച്ച യോഹന്നാൻ സ്നാപകന്റെ ശിരസ് ഛേദിക്കപ്പെട്ടു (മത്തായി 14:1–12; മർക്കൊസ് 6:14–29). പിന്നീട്, യേശുവിനെ വിചാരണ ചെയ്തപ്പോൾ, യേശുവിനെ ഹെരോദാവ് അന്തിപ്പാസിന്റെ അടുക്കലേക്കു അയക്കുകയും രാജാവ് തന്റെ

ആളുകളാൽ യേശുവിനോടു ലജ്ജിതമായി പെരുമാരുനാനിടയാക്കി (ലൂക്കൊസ് 23:7–12, 15; പ്രവൃത്തികൾ 4:27). അവസാനം, ഹെരോദാവ് അന്തിപ്പാസിനെ രാജ്യദ്രോഹകുറ്റം ചുമത്തി ഗൗളിലേക്കു നാടു കടത്തുകയും, അവിടെ അവൻ വേദനയോടെ മരിക്കയും ചെയ്തു.

വലിയ ഹെരോദാവിന്റെ മൂന്നാമത്തെ മകൻ, ഹെരോദാവ് ഫിലിപ്പോസ് 2–ാമൻ ഇതുര്യയിലും ത്രക്കോന്യയിലും ഇടപ്രഭുവായി നിയമിക്കപ്പെട്ടു.[12] അവനാണ് ലൂക്കൊസ് 3:1–ൽ പറഞ്ഞിരിക്കുന്ന "ഫിലിപ്പൊസ്" അവൻ മറ്റു ഹെരോദാവ്മാരെപ്പോലെ അത്ര ദുഷ്ടനായിരുന്നില്ല.[13] വലിയ ഹെരോദാവിന് ഫില്പ്പൊസ് എന്ന മറ്റൊരു മകനും ഉണ്ടായിരുന്നു. പുതിയ നിയമത്തിൽ മറ്റെ ഫിലിപ്പൊസ് ("ഹെരോദാവ് ഫിലിപ്പൊസ് 1") "ഫിലിപ്പൊസ്" എന്നു മാത്രമായും അറിയപ്പെടുന്നു. ഹെരോദ്യയുടെ ആദ്യ ഭർത്താവായിരുന്നു അയാൾ (മത്തായി 14:3; മർക്കൊസ് 6:17; ലുക്കൊസ് 3:19) ഹെരോദ്യയുടെ മകൾ, ശലോമിയുടെ അപ്പനുമായിരുന്നു.

ഇതു നമ്മെ, വലിയ ഹെരോദാവിന്റെ കൊച്ചുമകനായിരുന്ന – ഹെരോദാവ് അന്തിപ്പാസ് 1–ാമനിലേക്കും, ഹെരോദാവ് ഫിലിപ്പൊസ് 2–ാമനിലേക്കും, ഹെരോദാവ് ഫിലിപ്പൊസ് 1–ാമനിലേക്കും, അരിസ്തൊബുലസിന്റെ മകനിലേക്കും (തിരുവെഴുത്തിൽ പറയാത്ത വലിയ ഹെരോദാവ്)[14] കൊണ്ടുവരുന്നു. ഹെരോദാവ് അഗ്രിപ്പാ 1–ാമനെ "ഹെരോദാവ്" എന്നു മാത്രമാണ് വിളിച്ചിരുന്നത് അതു പ്രവൃത്തി 12–ൽ മാത്രമാണ് കാണുന്നതും. ഒരു നിമിഷത്തിനുള്ളിൽ, അവന്റെ ജീവിതം അടുത്തറിയും; എന്നാൽ അതിനു മുമ്പ്, തിരുവെഴുത്തിൽ പറഞ്ഞ ഹെരോദാവിന്റെ കുടുംബത്തെക്കുറിച്ച് പൂർണ്ണമായ ഒരവലോകനം പെട്ടെന്നു നടത്താം.

ഹെരോദാവ് അഗ്രിപ്പാ 1–ാമന് ഹെരോദ്യ എന്ന ഒരു സഹോദരി ഉണ്ടായിരുന്നു, (മുൻപു കണ്ടതുപോലെ) അവൾ ആദ്യം ഒരു അങ്കിളിനെ വിവാഹം ചെയ്തു, പിന്നെ രണ്ടാമതും അവളുടെ പേർ മത്തായി 14:3, 6; മർക്കൊസ് 6:17, 19, 22; ലൂക്കൊസ് 3:19 എന്നീ വാക്യങ്ങളിൽ പറഞ്ഞിട്ടുണ്ട്. ആദ്യത്തെ അങ്കിൾ ആയ ഹെരോദാവ് ഫിലിപ്പൊസ് 1–ാമനിൽ അവൾക്കു ഒരു മകൾ (ശലോമി) ഉണ്ടായിരുന്നു, ഹെരോദ്യയുടെ രണ്ടാം ഭർത്താവ് ഹെരോദാസ് അന്തിപ്പാസിനുവേണ്ടി ശലോമി നൃത്തം ചെയ്തു. പിന്നെ (അവളുടെ അമ്മയുടെ പ്രേരണയാൽ) യോഹന്നാൻ സ്നാപകന്റെ തല ആവശ്യപ്പട്ടു. മകൾ എന്നേ പറഞ്ഞിട്ടുള്ളു, പേർ പറഞ്ഞിട്ടില്ല, മത്തായി 14:6–11 ഉം മർക്കൊസ് 6:22–28.

ഹെരോദാവ് അഗ്രിപ്പാ 1–ാമനു നാലു മക്കൾ ഉണ്ടായിരുന്നു, അവരിൽ മൂന്നു പേരെക്കുറിച്ചു പ്രവൃത്തികളുടെ പുസ്തകത്തിലെ പഠനത്തിൽ: നാം പിന്നീട് പഠിക്കും. റോമൻ നാടുവാഴിയായിരുന്ന ഫെലിക്സിന്റെ ഭാര്യ (24:24); ഹെരോദാവ് അഗ്രിപ്പാ 2 ("അഗ്രിപ്പാ" എന്നു വിളിച്ചിരുന്നു; 25:13–26:32); ബെർണിക്ക (25:13), ജാതികളെപ്പോലും ഞെട്ടിപ്പിക്കുന്ന ബന്ധമായിരുന്നു തന്റെ സഹോദരൻ അഗ്രിപ്പാവിനോടുണ്ടായിരുന്നത്.

പുതിയ നിയമത്തിൽ വിവരിച്ചിരിക്കുന്ന ഹെരോദാവ്മാർ ഇവരാണ്. അവരുടെ അഹങ്കാര – രോഗത്തെയും, ധാർമ്മികാധപ്പതനത്തെയും വിശദമായി ഞാൻ പ്രതിപാദിച്ചിട്ടില്ല, എന്നാൽ ഈ കുടുംബത്തിലുള്ള

വർ ഓരോരുത്തരും അവരവരുടെ മോഹത്തിനനുസരിച്ച് അവരുടെ താലന്തുകൾ ഉപയോഗിച്ചു എന്നു കാണുവാൻ മതിയായതു ഞാൻ പറഞ്ഞു എന്നു വിശ്വസിക്കുന്നു. ഹെരോദാവുമാരെക്കുറിച്ച് *ഇന്റർ നാഷണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപ്പീഡിയ* ഇങ്ങനെ പറയുന്നു:

> ഹെരോദാവ് എന്ന പേർ ... സൂചിപ്പിക്കുന്നത് "നായക" സ്ഥാനത്തെയാണ്, കുടുംബത്തിനു മുഴുവൻ ഈ പേർ പ്രായോഗികമായിരുന്നില്ല, അതു നായകത്വത്തിൽനിന്നു കാപട്യവും വഞ്ചനയുമായി മാറി ... ഹെരോദ്യ കുടുംബത്തിന്റെ ചരിത്രം മേന്മയുടെ മൂലകങ്ങളിൽ കുറവുള്ളതായിരുന്നില്ല, ഈ മൂലകങ്ങൾ എന്തായിരുന്നാലും, ആരിലെല്ലാം ഉണ്ടായിരുന്നാലും, അതു നിറം മങ്ങിയ ആത്മപ്രശംസയായതിനാൽ കുടുംബത്തിന്, വേരിനും ശാഖക്കും എല്ലാം വൈരൂപ്യമാണുണ്ടാക്കിയത്. ചില ഹെരോദ്യ രാജകുമാരിമാർക്ക് നിഷേധിക്കാൻ പറ്റാത്ത താലന്തുകൾ ഉള്ളവരായിരുന്നു; എന്നാൽ ആ താലന്തുകൾ അവർ തെറ്റായി ഉപയോഗിച്ചു, യിസ്രായേലിലെ ജനങ്ങളുടെ നന്മക്കല്ല ഉപയോഗിച്ചത് ... ആ കുടുംബത്തിന്റെ മുഴുവൻ ചരിത്രവും എടുത്താൽ കാണാവുന്നത്, നിരന്തരമായ കലഹം, നിഗളം, ഗൂഢാലോചന, ഞെട്ടിക്കുന്ന അധാർമ്മികത എന്നിവയാണ്.[15]

## ഹെരോദാവുമാരുടെ പരാജയങ്ങൾ
**( 12:1-3, 18-23)**

ഹെരോദാവ്അഗ്രിപ്പാ 1-ാമന്റെ വേരും ഫലവും മനസിൽ വെച്ചുകൊണ്ട്, നമുക്കു അവന്റെ വ്യക്തിപരമായ ചരിത്രത്തിലേക്കു മടങ്ങാം.

മരിയാമിന്റെ രണ്ടു മക്കളിൽ ഒരാളായ അരിസ്തൊബുലൊസിനെ വലിയ ഹെരോദാവ് കൊന്നുകളഞ്ഞു. അരിസ്തൊബുലൊസ് കൊല്ലപ്പെട്ടപ്പോൾ അവനു നാലു - വയസ്സു മാത്രം പ്രായമുള്ള ഹോരോദാവ് അഗ്രിപ്പാ എന്ന മകനുണ്ടായിരുന്നു.[16] മകനെ സംരക്ഷിക്കേണ്ടതിനു അവനെ റോമിലേക്കു അയച്ചു, അവിടെ അവൻ ഒരു രാജധാനിയിൽ വളർന്നു. അവിടെയുണ്ടായിരുന്ന രാജകുടുംബത്തിലെ സ്നേഹിതന്മാരിൽ ക്ലൗഡിയസും കായസ് കലിഗുളയും ഉണ്ടായിരുന്നു. കലിഗുള സിംഹാസനാരൂഢനായപ്പോൾ, തന്റെ അങ്കിൾ ഹെരോദാ ഫിലിപ്പൊസ് 2-ാമന്റെ ഇടപ്രഭുത്വം ഹെരോദാ അഗ്രിപ്പാവിനെ ഏല്പ്പിച്ചു. കലിഗുള കൊല്ലപ്പെടുകയും ക്ലൗഡിയാസ് സിംഹാസനാരൂഢനാകുകയും ചെയ്തപ്പോൾ, നാടുവാഴികൾ ഭരിച്ചിരുന്ന യെഹൂദ്യ, ശമര്യ, ഇദൂമ്യ എന്നീ പ്രദേശങ്ങൾ പുതിയ ചക്രവർത്തിയായ ഹെരോദാ അഗ്രിപ്പാവിനെ ഏല്പ്പിച്ചു. അങ്ങനെ വലിയ ഹെരോദാവിന്റെ എല്ലാ പ്രവിശ്യകളും കൂടുതലും - ഹെരോദാവ് അഗ്രിപ്പാവിന്റെ അവകാശത്തിലായി. "ശലോമോൻ മുതൽ ഭരിച്ച യെഹൂദ ഭരണാധികാരികളിൽ ഏറ്റവും കൂടുതൽ പ്രദേശങ്ങൾ ഭരിച്ചിരുന്നതു അവനായിരുന്നു."[17]

റോമിന്റെ അധീനതയിലായ ശേഷം ഇതാദ്യമായി, യെഹൂദ രക്തം തന്റെ ഞരമ്പിൽകൂടെ ഓടുന്ന ഒരു യെഹൂദ ഭരണാധികാരി ഉണ്ടാവു

ന്നു.[18] തന്റെ വ്യക്തിപരമായ ജീവിതത്തിൽ, ഹെരോദാ അഗ്രിപ്പാ റോമിന്റെ അമിതത്വത്തെ താലോലിച്ചുകൊണ്ടിരുന്നു, എന്നാൽ പരസ്യമായി യെഹൂദാചാരങ്ങൾ അനുഷ്ഠിച്ചുവന്നു. അതു രാഷ്ട്രീയവും സന്ദർഭോചിതവുമാകകൊണ്ട്, യെഹൂദന്മാരോട് നയപരമായി ഇടപെട്ട് റോമിന്റെതായ അവരുടെ പ്രതിനിധിയായി, റോമനും യെഹൂദനും തമ്മിലുണ്ടായിരുന്ന യുദ്ധത്തിനു അല്പം വിഷമത്തോടെയാണെങ്കിലും താല്കാലിക വിരാമമിട്ടു. അങ്ങനെ പാലസ്തീനിലെ "വർഷത്തെ ഏറ്റവും നല്ല പൗരൻ" ആയി അവനെ തിരഞ്ഞെടുത്തില്ലെങ്കിലും, തനിക്കു മുമ്പുണ്ടായിരുന്ന ഹെരോദാവ്മാരിൽ വെച്ച് അവൻ പ്രചാരമുള്ളവനായിത്തീർന്നു. സഭക്കെതിരെ ഉപദ്രവം വീണ്ടും തുടങ്ങിക്കൊണ്ട് യെഹൂദന്മാരുടെ പ്രീതി നേടുക എന്നതായിരുന്നു അവന്റെ കാര്യപരിപാടിയിലെ ഒരിനം.

12-ാമദ്ധ്യായത്തിൽ വിവരിച്ച സംഭവങ്ങൾ നടന്നപ്പോൾ, ഹെരോദാവ് അഗ്രിപ്പാ 1-ാമൻ തന്റെ ശക്തിയിലും ഗാംഭീര്യത്തിലും ഉയർന്നു നില്ക്കുകയായിരുന്നു. അദ്ധ്യായത്തിന്റെ അവസാനം, അവൻ സ്വയം "ദേവൻ," എന്ന പദവി എടുക്കുന്നതു കാണാം, അദ്ധ്യായത്തിലെ അവന്റെ പ്രവൃത്തികൾ കാണുമ്പോൾ ആളുകൾ അവനെ ദേവൻ എന്നു വിളിക്കുന്നതിനു വളരെ മുൻപു തന്നെ അവൻ അതെടുത്തിരുന്നതായി മനസിലാക്കാം. 12-ാമദ്ധ്യായത്തിൽ അവൻ മൂന്നു രംഗങ്ങളിൽ വരുന്നുണ്ട്; ഓരോന്നിലും, അവൻ "താൻ ദൈവം എന്നു വിചാരിച്ച മനുഷ്യൻ" ആയി വരുന്നു.

ആദ്യ രംഗത്തിൽ (കഴിഞ്ഞ പാഠത്തിൽ പഠിച്ചു), ഹെരോദാവ് യാക്കോബിനെ കൊല്ലുകയും പത്രൊസിനെ തടവിലാക്കുകയും ചെയ്തതു യെഹൂദന്മാരെ പ്രീതിപ്പെടുത്തുവാനായിരുന്നു:

> ആ കാലത്ത് ഹെരോദാ രാജാവ് സഭയിൽ ചിലരെ പീഡിപ്പിക്കേണ്ടതിന്നു കൈ നീട്ടി, യോഹന്നാന്റെ സഹോദരനായ യാക്കോബിനെ അവൻ വാൾകൊണ്ട് കൊന്നു. അതു യെഹൂദന്മാർക്കു പ്രസാദമായി എന്നു കണ്ടു, അവൻ പത്രൊസിനെയും പിടിച്ചു. അപ്പോൾ പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ ആയിരുന്നു ... (വാക്യങ്ങൾ 1-3).

ഹെരോദാവ് ഇതു ചെയ്തതിന്റെ കാരണം ക്രിസ്ത്യാനികളോടുള്ള വിദ്വേഷം കൊണ്ടോ യെഹൂദമതം സംരക്ഷിക്കണം എന്ന ചിന്ത കൊണ്ടോ ആണെന്ന സൂചനയില്ല. അവൻ ഇതു രാഷ്ട്രീയ സാഹചര്യമായി ചെയ്തതാണ്. വാസ്തവത്തിൽ, ഹെരോദ്യരുടെ കുടുംബവുമായുള്ള വളരെക്കാലത്തെ ബന്ധം നോക്കിയാൽ, യേശുവുമായുള്ള ബന്ധത്തിൽ ഈ അപമര്യാദാ പ്രവൃത്തി പൊതുവിൽ വ്യക്തിപരമായി ഒന്നമില്ല എന്നു കാണാം.[19] ഹെരോദാവുമാർക്കു ക്രിസ്ത്യാനിത്വത്തെ നശിപ്പിക്കുവാൻ പ്രത്യേക ആവേശം ഇല്ലായിരുന്നു; അവർക്കു തങ്ങളെത്തന്നെ ഉയർത്തുവാനുള്ള വ്യഗ്രതമാത്രമയിരുന്നു അതിൽ ഉണ്ടായിരുന്നത്. അവരുടെ ക്രൂര - കൃത്യങ്ങൾ തങ്ങളുടെ പ്രയോജനത്തിനുവേണ്ടി

ഉപയോഗിച്ചു. അപ്പൊസ്തലന്മാരെ ഉപദ്രവിച്ചുകൊണ്ടുള്ള, അവന്റെ പ്രവൃത്തി, "ഞാൻ ദൈവമാണ്, ഞാൻ *സർവ്വശക്തനാണ്.*[20] അതു കൊണ്ടു ഞാൻ എന്റെ ഇഷ്ടം പോലെ ചെയ്യും!"

പത്രൊസ് അത്ഭുതകരമായി തടവിൽനിന്നു മോചിതനായശേഷം ഹെരോദാവിനു സംഭവിച്ചതാണ് പ്രവൃത്തികൾ 12-ലെ രണ്ടാമത്തെ രംഗം. "നേരം വെളുത്തപ്പോൾ പത്രൊസ് എവിടെ പോയി, എന്നു പടയാളികൾക്ക് അല്പമല്ലാത്ത പരിഭ്രമമുണ്ടായി" (വാക്യം 18). തന്റെ കയ്യിൽനിന്നു പത്രൊസ് വഴുതിപ്പോയ വിവരം ഹെരോദാവ് അറിഞ്ഞാൽ തങ്ങൾക്കു സംഭവിപ്പാനിരിക്കുന്നതിനെ ഓർത്താണ് പടയാളികൾ ഭയപ്പെട്ടത്.

പത്രൊസിനു വേണ്ടി വലിയ സന്നാഹത്തോടെ തിരച്ചിൽ നടത്തി – തടവിനകത്തും പുറത്തും, പട്ടണം മുഴുവനും ഗ്രാമങ്ങളിലും, അരിച്ചു പെറുക്കി.[21] "ഹെരോദാവ് അവനെ അന്വേഷിച്ചിട്ടു കാണായ്കയാൽ, കാവൽക്കാരെ വിസ്തരിച്ചു ..." (വാക്യം 19). ഹെരോദാവിന്റെ ചിന്ത പത്രൊസിനെക്കുറിച്ചായിരിക്കയില്ല, പിന്നെയോ തന്റെ ബഹുമതിയെക്കുറിച്ചായിരുന്നേക്കാം. പത്രൊസ് രക്ഷപ്പെടാതിരിക്കാൻ വളരെ വാശാലമായ എല്ലാ മുൻകരുതലകൾ എടുത്തിട്ടും, ഹെരോദാവ് അഗ്രിപ്പാ വിഡ്ഢിയായി കാണപ്പെട്ടു – അതൊരു ഹെരോദാവിനും സഹിക്കാവുന്നതല്ല. ആ രക്ഷപ്പെടൽ തന്റെ കുറ്റമായിരുന്നു എന്ന് അവനു വിശ്വസിക്കാനായില്ല. അവന്റെ കുറ്റം അല്ലെങ്കിൽ, പിന്നെ കുറ്റം പടയാളികളുടേതാണ്.

"പടയാളികളെ വിസ്തരിച്ചു"[22] എന്നത് ഞെട്ടലോടെ മാത്രമെ നമുക്കു ചിന്തിക്കാൻ സാധിക്കൂ. ആ പടയാളികളെ മറ്റൊരാളുടെ പാപത്തിനു ശിക്ഷിക്കാൻ ക്രൂരമായി മർദ്ദിച്ചിരിക്കാം. പടയാളികളിൽ ഏറിയ വേദനയുണ്ടായതു കണക്കാക്കാതെ, എങ്ങനെയായാലും, അവരുടെ കാഴ്ചപ്പാടിൽ സംഭവിച്ചതു മാത്രമെ അവർക്കു പറയാനാകൂ. മുറിവേറ്റ തലയോട്ടി, പൊട്ടിയ പല്ലുകൾക്കിടയിലൂടെ അവർ പറയുന്നത് എനിക്കു ഊഹിക്കാം: "ഞങ്ങൾ രാവിലെ എഴുന്നേറ്റപ്പോൾ, പത്രൊസിനെ കാണ്മാനില്ല, ഇതു മാത്രമെ ഞങ്ങൾക്കറിയാവൂ."

തിരഞ്ഞെടുക്കാനായി രണ്ടു കാര്യങ്ങളേ ഹെരോദാവിനുണ്ടായിരുന്നുള്ളൂ: ഒന്നുകിൽ തന്റെ സ്വന്ത പടയാളികളുടെ അനുവാദത്തോടെ പത്രൊസ് രക്ഷപ്പെടുകയോ അല്ലെങ്കിൽ അത്ഭുതത്താൽ രക്ഷപ്പെട്ടിരിക്കാം. ആദ്യത്തെ സാദ്ധ്യത അവിശ്വസനീയമാണ്. ഒരുവിധത്തിലും ഗൂഢാലോചന പിടിക്കപ്പെടാതിരിക്കയില്ല, പ്രത്യേകിച്ചു പിടിക്കപ്പെട്ടാൽ അവരെ തൂക്കിക്കൊല്ലുമെന്നുള്ളതുകൊണ്ട്. അല്ലെങ്കിൽ, ഹെരോദാവിനു രണ്ടാമത്തെ സാദ്ധ്യത (അത്ഭുതം സംഭവിക്കുക) ചിന്തിക്കാനേ സാദ്ധ്യമല്ല. ഇതിനർത്ഥം അവനേക്കാൾ വലിയ പ്രധാനി ലോകത്തിലുണ്ട് എന്നാണ്, അവൻ ഗൗരവമായി ക്രിസ്ത്യാനിത്വത്തിന്റെ അവകാശത്തെക്കുറിച്ചു ചിന്തിക്കണം.

അവിശ്വസനീയവും ചിന്തിക്കാൻ കഴിയാത്തതുമാണ് ഹെരോദാവ് തിരഞ്ഞെടുത്തത്. പടയാളികളാണ് ആ രക്ഷപ്പെടലിനുത്തരവാദികൾ എന്നാണു ഔദ്യോഗികമായ വിലയിരുത്തൽ. (അവൻ ഇങ്ങനെ വിചാരിച്ചു കാണുമെന്നാണ് ഞാൻ ഊഹിക്കുന്നത്, "ഇക്കാലത്ത് *ആരെയും*

വിശ്വസിക്കാൻ കഴിയുകയില്ല!") റോമൻ നിയമമനുസരിച്ച്, തന്റെ പക്കൽ ഏല്പിച്ച കുറ്റവാളി രക്ഷപ്പെട്ടാൽ ആ കുറ്റവാളിക്കുള്ള ശിക്ഷ ആ പടയാളി ഏല്ക്കണം, എന്നാൽ ഹെരോദാവിനു കരുണ കാണിക്കാമായിരുന്നു. എങ്ങനെയായാലും, പടയാളികളുടെ കഥ വ്യാപിപ്പിക്കുവാൻ, അവൻ ആഗ്രഹിച്ചില്ല, അതിനാൽ അവൻ "[പടയാളികളെ] കൊല്ലുവാൻ കല്പന കൊടുത്തു" (വാക്യം 19). അവന്റെ മുൻഗാമികളെപ്പോലെ, അവനും എത്ര നിരപരാധികളായാലും[23] തന്റെ അഹങ്കാരത്തെ രക്ഷിക്കുവാൻ കൊല്ലുന്നതിൽ ഒന്നും തോന്നിയില്ല.

അവനെ കൊല്ലുവാൻ കല്പിച്ച സംഭവത്തിനു ശേഷം "ഹെരോദാവ് യെഹൂദ്യ വിട്ടു കൈസര്യയിൽ പോയി പാർത്തു" (വാക്യം 19) എന്നാണ് ലൂക്കൊസ് രേഖപ്പെടുത്തിയത്. ഭരണാധികാരി യെരുശലേമിൽ പെരുന്നാളിനു വന്നാൽ പന്നെ, മടങ്ങി കൈസര്യയിലെ രാജധാനിയിലേക്കു പോവുകയെന്നതു സാധാരണ നടപടിയായിരുന്നു, എന്നാൽ ലൂക്കൊസിന്റെ പ്രസ്താവനയിൽ അവൻ ധൃതി പിടിച്ച് കൈസര്യയിലേക്കു പോയതുകൊണ്ട് അതിൽ കൂടുതൽ അടങ്ങിയിരിക്കുന്നു. ഒരു പക്ഷേ അവൻ യെരുശലേമിൽ കുറെനാൾ താമസിച്ച് അപ്പൊസ്തലന്മാരെ ഓരോരുത്തരെ കൊല്ലാൻ പദ്ധതിയിട്ടിരുന്നതാകാം, പക്ഷെ അത്രയും പടയാളികളെ കൊല്ലാൻ കല്പിച്ചതുകൊണ്ട് നേരിടാമായിരുന്ന കുപ്രസിദ്ധിയെ ഭയന്നു സന്ദർഭോചിതമായി യെരുശലേമിൽ നിന്നു അകന്നിരിക്കാമെന്നു വിചാരിച്ചു കാണും.

പൊതുജനങ്ങളുടെ പ്രതികരണം എന്തായിരുന്നാലും, അവന്റെ പ്രവൃത്തി ശരിയാണെന്നു അവനു തോന്നിയിരിക്കാനിടയില്ല. പത്രൊസിന്റെ രക്ഷപ്പെടൽ, അവൻ കൈകാര്യം ചെയ്ത രീതി, ഹെരോദാവ് പറഞ്ഞു, "ഞാൻ ദൈവമാണ്; ആകയാൽ ഞാൻ *സർവ്വശക്തനാണ്*[24] എനിക്കു തെറ്റു പറ്റുകയില്ല!"

പ്രവൃത്തികൾ 12-ലെ അവസാന രംഗം ഹെരോദാവിന്റെ ജീവിതാവസാനമായിരുന്നു - ഹെരോദാവിന്റെ അഹന്താനിഷ്ഠമായ ഹൃദയം എല്ലാവർക്കും കാണാവുന്നതായിരുന്നു. പ്രവൃത്തികൾ 12-ൽ അടിസ്ഥാനപരമായി രണ്ടു സന്ദേശങ്ങൾ ഉണ്ട്. ആദ്യത്തേത് (കഴിഞ്ഞ പാഠത്തിൽ നാം കണ്ടതുപോലെ) തന്റെ ഇഷ്ടം ചെയ്യുന്നവരോടുകൂടെ ദൈവം ഉണ്ടാകും. രണ്ടാമത്തേത് 20 മുതൽ 23 വരെയുള്ള വാക്യങ്ങളിൽ സ്പഷ്ടമായി വിവരിച്ചിട്ടുണ്ട്: തന്നെ എതിർക്കുന്നവർക്കു ദൈവം എതിരായിരിക്കും. നമ്മുടെ പുസ്തകത്തിനു മുകളിൽ ഇങ്ങനെ എഴുതിവെക്കാം: "തങ്ങൾ ദൈവമെന്നു വിചാരിക്കുന്ന ഏവരെയും സൂക്ഷിക്കുക!"

വേദഭാഗം തുടങ്ങുന്നത്, "അവൻ [ഹെരോദാവ്] സോര്യരുടെയും സിദോന്യരുടെയും നേരെ ക്രുദ്ധിച്ചിരിക്കുമ്പോൾ" എന്നാണ് (വാക്യം 20) സോരും സിദോനും ഫൊയിനിക്ക്യയിലെ പ്രധാന പട്ടണങ്ങളായിരുന്നു, അതു പാലസ്തീന്റെ വടക്കുഭാഗത്തായി സ്ഥിതി ചെയ്തിരുന്നു[25] എന്തുകൊണ്ടാണ് ഹെരോദാവ് അവരോട് ദേഷ്യപ്പെട്ടതെന്നു നമ്മോടു പറഞ്ഞിട്ടില്ല; ഒരേ വ്യാപാര വഴിയിലാണ് പാലസ്തീനും ഫൊയിനിക്യയും എന്നതുകൊണ്ട് ഹെരോദാവ് ഒരുപക്ഷേ സോരും സിദോനും

അന്യായമായ വ്യാപാരബന്ധത്തിലേർപ്പെട്ടെന്നു വിചാരിച്ചുകാണും.

20-ാം വാക്യം പറയുന്നതു ഫൊയിനിക്ക്യക്കു "ആഹാരം കിട്ടിയിരുന്നത് രാജാവിന്റെ ദേശത്തുനിന്നായിരുന്നു," അവരുടെ പ്രാഥമിക കാർഷികോല്പന്നങ്ങൾക്കും ധാന്യങ്ങൾക്കും അവർ പാലസ്തീനെ ആശ്രയിച്ചിരുന്നു.[26] ഫൊയിനിക്ക്യക്കാർക്കു മിസ്രയിമിൽനിന്നും ഇറക്കുമതി ചെയ്തിരുന്നെങ്കിലും, ദൂരം അധികമാകയാൽ അവരുടെ സാധനങ്ങൾക്കു വിലയേറിയിരുന്നു. ഹെരോദാവുമായി സമാധാനം ഉണ്ടാക്കേണ്ടതു അവരുടെ ആവശ്യമായിരുന്നു. അതുകൊണ്ടു, നാം വായിക്കുന്നത്, "അവർ ഏകമനസോടെ അവന്റെ [ഹെരോദാവിന്റെ] അടുക്കൽ ചെന്നു, രാജാവിന്റെ പള്ളിയറക്കാരനായ ബ്ലസ്തൊസിനെ വശത്താക്കി സന്ധിക്കായി അപേക്ഷിച്ചു" (വാക്യം 20). അവർ ഒരുപക്ഷേ ബ്ലസ്തൊസിനെ *കൈക്കൂലിയാൽ* "നേടിയിരിക്കാം." ഹെരോദാവിനെ പ്രേരണ ചെലുത്തിയേക്കാം. "പള്ളിയറക്കാരൻ" എന്നു സൂചിപ്പിക്കുന്നത് രാജാവിന്റെ കിടപ്പറസേവകൻ എന്നാണ്, അവൻ, രാജാവിന്റെ വ്യക്തിയെയും ശ്രദ്ധിക്കും. മെക്കോർഡിന്റെ തർജ്ജിമയിൽ "രാജാവിന്റെ പാനപാത്ര വാഹകൻ" എന്നാണുള്ളത്[27] എൻഐവിയിൽ "രാജാവിന്റെ വിശ്വസ്ത സേവകൻ" എന്നാണുള്ളത്.

വിചാരണക്കായി ഒരു ദിവസം നിശ്ചയിച്ചു.[28] ഈ സന്ദർഭത്തിന്റെ വിശദവിവരം ജോസെഫസ് നല്കുന്നുണ്ട്. ക്ലൗഡിയസ് കൈസരുടെ ആദരവിനായുള്ള ആഘോഷദിവസമായിരുന്നു അത്. "[നിശ്ചയിച്ച] ദിവസത്തിൽ ഹെരോദാവ്, രാജവസ്ത്രം ധരിച്ചു ഭദ്രാസനത്തിൽ ഇരുന്നു അവരോടു പ്രസംഗിച്ചു" (വാക്യം 21). ഹെരോദാവിന്റെ "രാജകീയവേഷത്തെ" ഈ വാക്കുകളിൽ ജോസെഫസ് വിവരിച്ചിട്ടുണ്ട്:

> അവൻ [അഗ്രിപ്പാ] രണ്ടാം ദിവസം മുഖം കാണിച്ചപ്പോൾ മുഴുവനും വെള്ളികൊണ്ടുണ്ടാക്കിയ, ഈഴയടുപ്പമുള്ളതുമായ, മനോഹര വസ്ത്രമായിരുന്നു ധരിച്ചിരുന്നത്, അവൻ അതി രാവിലെ ഹാളിലേക്കു വന്നു; അപ്പോൾ സൂര്യരശ്മികൾ വെള്ളിയുടുപ്പിൽ പ്രതിഫലിച്ച് പ്രകാസിതമായിത്തീർന്നു, അതിശയകരമായി പ്രത്യക്ഷപ്പെട്ടു, അവനെ നോക്കിയവർക്കെല്ലാം ഭയങ്കരമായി തോന്നി: ... .[29]

ആളുകൾ ആർത്തുവിളിക്കാൻ തുടങ്ങി, "ഇതു മനുഷ്യന്റെ ശബ്ദമല്ല ഒരു ദേവന്റെ ശബ്ദം അത്രേ എന്നു ജനം ആർത്തു!" (വാക്യം 22). "അവന്റെ സ്തുതിപാഠകർ, ഓരോ വശത്തു നിന്നും ഓരോരുത്തരായി, ... അവൻ ദേവൻ എന്നു ഉച്ചത്തിൽ വിളിച്ചു"[30]കൊണ്ടിരുന്നു എന്നാണ് ജോസെഫസ് പറഞ്ഞത്. സോരിൽ നിന്നും സിദോനിൽ നിന്നും (പ്രത്യേക ആനുകൂല്യം വേണ്ട മറ്റുള്ളവരും) ഒരുപക്ഷെ ഈ സന്തോഷാരവത്തിൽ ഉൾപ്പെട്ടിരിക്കാം.

അവർ ഹെരോദാവിനെ "ദേവൻ," എന്നു വിളിച്ചപ്പോൾ മരിക്കും എന്നോർത്തു ഭയപ്പെടേണ്ടിയിരുന്നു. കൊർന്നെല്ല്യോസ് പത്രൊസിന്റെ കാല്ക്കൽ വീണപ്പോൾ, അപ്പൊസ്തൽ പെട്ടെന്ന് അവനെ പടിച്ച് എഴുന്നേൽപ്പിച്ചു പറഞ്ഞു, "എഴുന്നേൽക്ക; ഞാനും ഒരു മനുഷ്യനത്രെ"

(10:26). പിന്നീട് ലുസ്ത്രയിലുള്ളവർ പൗലൊസിനെയും ബർന്നബാസിനെയും "ദേവന്മാർ മനുഷ്യരൂപത്തിൽ നമ്മുടെ അടുക്കൽ ഇറങ്ങി വന്നിരിക്കുന്നു" – ഇതു കേട്ട മിഷനറിമാർ ഞെട്ടി അവരുടെ വസ്ത്രം കീറുന്നതു നാം കാണുന്നു (14:11, 14). ജനക്കൂട്ടത്തിന്റെ ഈ വിലയിരുത്തൽ, ഹെരോദാവ് അഗ്രിപ്പാ, എങ്ങനെയായാലും താല്പര്യത്തോടെ സ്വീകരിച്ചു. ജോസെഫസ് പറഞ്ഞത് "അവൻ ഭക്തിരഹിതമായ മുഖസ്തുതിയെ ശാസിക്കുകയോ തടയുകയോ ചെയ്തില്ല[31] എന്നാണ്." മുഖസ്തുതിയെപ്പറ്റി ജോനാഥാൻ പറഞ്ഞത്, "മുഖസ്തുതി വിഡ്ഢിയുടെ[32] ആഹാരം" ആണെന്നാണ്. ദർബാർ ഹാളിൽ ഈ ശബ്ദത്തിന്റെ പ്രതിധ്വനി ഉയർന്നുകൊണ്ടിരുന്നപ്പോൾ ആഹാരം കഴിച്ചു[33] തന്റെ പ്രവൃത്തികളാൽ അവൻ പറഞ്ഞു, "ഞാൻ ദൈവമാണ്; അതുകൊണ്ട് എന്നിൽ *ദൈവികത്വമുണ്ട്*, ആകയാൽ, എന്നെ ആദരിക്കാൻ ഞാൻ യോഗ്യനാണ്!"

യെഹോവ മറിച്ചാണ് ചിന്തിച്ചത്. യെശയ്യാവിൽകൂടെ അവൻ പറഞ്ഞു, "ഞാൻ യഹോവ, അതു തന്നെ എന്റെ നാമം; ഞാൻ എന്റെ മഹത്വം മറ്റൊരുത്തനും എന്റെ സ്തുതിവിഗ്രഹങ്ങൾക്കും വിട്ടുകൊടുക്കയില്ല'' (യെശയ്യാവ് 42:8). പ്രവാചകൻ ദൈവത്തെക്കുറിച്ചു പറഞ്ഞു, "പ്രഭുക്കന്മാരെ ഇല്ലാതാക്കുന്നവൻ അവൻ അല്ലയേ" (യെശയ്യാവ് 40:23). അതുകൊണ്ട്, 23-ാം വാക്യത്തിൽ നാം വായിക്കുന്നതിൽ അതിശയിക്കാനില്ല. "അവൻ ദൈവത്തിന്നു മഹത്വം കൊടുക്കായ്കയാൽ കർത്താവിന്റെ ദൂതൻ[34] ഉടനെ അവനെ അടിച്ചു,[35] അവൻ കൃമിക്കു ഇരയായി പ്രാണനെ വിട്ടു" (12:23). ഹെരോദാവിന്റെ സമീപത്തുണ്ടായിരുന്നവരുടെ കാഴ്ച്ചപ്പാടിൽ അവനു നേരിട്ട കഷ്ടതയെ ജോസെഫസ് വിവരിക്കുന്നുണ്ട്:

> അവന്റെ വയറ്റിൽ കഠിന വേദന ആരംഭിച്ചു, അതു അതി കഠിനമായി തീർന്നു ... തുടർന്നു അവനെ രാജധാനിയിലേക്കു കൊണ്ടുപോയി; ... അവന്റെ വയറ്റിലെ തീവ്രമായ വേദനകൊണ്ട്അഞ്ചു ദിവസങ്ങൾക്കു ശേഷം, ശാന്തനായി, ഈ ജീവിതത്തിൽ നിന്നു വേർപെട്ടത്, അവന്റെ അമ്പത്തി – നാലാം വയസിലും, അവന്റെ വാഴ്ച്ചയുടെ ഏഴാം ആണ്ടിലും ആയിരുന്നു; ... .[36]

ഹെരോദാവിന്റെ രോഗത്തെ സംബന്ധിച്ച്, ധാരാളം ഊഹങ്ങൾ പരന്നിട്ടുണ്ട്. അവനു അപ്പെന്റിക്സ് മുതൽ ആമാശയതടസം വരെയാണെന്നു പറയപ്പെട്ടു. "കൃമിക്കിരയായി" എന്ന പ്രയോഗം അക്ഷരികമാകാം; ആമാശയത്തിൽ അത്തരത്തിൽ കൃമികൾ പെരുകിക്കാണും.[37] ഹെരോദാവിനു വേറെ രോഗങ്ങൾ ഉണ്ടായിരുന്നെങ്കിൽ, കൃമികൾകൂടെ ആയപ്പോൾ അതു കൂടുതൽ രൂക്ഷമായി കാണും. അല്ലെങ്കിൽ കൃമിക്കിരയായി എന്ന ആശയം തിരുവെഴുത്തിൽ കർത്താവിന്റെ ശിക്ഷയെയാണ് വെളിപ്പെടുത്തുന്നത് (നരകത്തിലെപ്പോലെ; മർക്കൊസ് 9:48), ആ പദപ്രയോഗം അർത്ഥമാക്കുന്നത് ഹെരോദാവിന്റെ രോഗം വന്നത് ദൈവിക പ്രവൃത്തിയാലായിരുന്നു എന്നാണ്.

ഹെരോദാവിന്റെ മരണശേഷം, ലൂക്കൊസ് പറഞ്ഞു, “എന്നാൽ ദൈവവചനം മേല്ക്കുമേൽ പരന്നുകൊണ്ടിരുന്നു” (വാക്യം 24).[38] ഒന്നാം നൂറ്റാണ്ടിൽ വർത്തമാനപത്രം ഉണ്ടായിരുന്നെങ്കിൽ, ഹെരോദാവിന്റെ മരണം മുൻ – പേജിൽ തന്നെ വരും, വചനം പരന്ന വാർത്ത അധികം പേരും ശ്രദ്ധിക്കാത്ത ഉൾപേജിലും ആയിരിക്കും. ദൈവത്തിന്റെ കാഴ്ചപ്പാടിൽ, എങ്ങനെയായാലും, കഥയുടെ പ്രാധാന്യം ദൈവവചനം ഇപ്പോൾ എതിർക്കുവാൻ കഴിയാതായി. “എന്നാൽ” എന്ന വാക്ക് വ്യത്യാസത്തെ കുറിക്കുന്നു: ഹെരോദാവ് രാജാവ് വീണു, *എന്നാൽ* ദൈവവചനം പരന്നു. ഹെരോദാവ് വിചാരിച്ചത്, തനിക്കു സഭയെ ഇല്ലാതാക്കാൻ കഴിയും എന്നാണ്, പക്ഷെ അവനാണ് മരിച്ചത്.

രാജാവിന്റെ മരണം എ.ഡി 44–ൽ ആയിരുന്നു എന്ന് ജോസെഫസ് എഴുതി.[39] സ്വതന്ത്രവാഴ്ച്ച എന്ന വാക്ക് തരുന്നതിനു പുറമെ ശാഖോപശാഖയായ മറ്റു വളർച്ചയും ഹെരോദാവിന്റെ മരണത്തിൽ നടന്നു. അവന്റെ മരണം ഹെരോദാവുമാരുടെ വാഴ്ച്ച അവസാനിക്കുന്നതിന്റെ തുടക്കമായിരുന്നു. ഹെരോദാ അഗ്രിപ്പാ 1–ാമൻ മരിച്ചപ്പോൾ, യെഹൂദ്യ വീണ്ടും നാടുവാഴിയുടെ ഭരണത്തിൻ കീഴിലായി.[40] നാം 26–ാം അദ്ധ്യായത്തിൽ അഗ്രിപ്പാ രാജാവിന്റെ (ഹെരോദാ അഗ്രിപ്പാ 2) വാഴ്ച്ച ഗലീലാക്കടലിന്റെ വടക്കുകിഴക്കു ഭാഗം മാത്രമായി ചുരുങ്ങി.

ഹെരോദാ അഗ്രിപ്പാ 1–ാമന്റെ മരണം യെഹൂദന്മാർക്കുള്ള അവസാനത്തിന്റെ തുടക്കം കൂടെയായിരുന്നു. *ദി എൻസൈക്ലോപ്പീഡിയ ബ്രിട്ടാനിക്കയിൽ* ഹെരോദാവിന്റെ മരണത്തെ പറയുന്നത്: “അവന്റെ പെട്ടെന്നുള്ള മരണം ... യെഹൂദന്മാർക്ക് ഒരു ആഘാതമായി, കാരണം അവന്റെ എല്ലാ തെറ്റുകളേയും കൂടെ ... അവൻ യെഹൂദരെയും റോമിനെയും സമതുലനാവസ്ഥയിൽ രണ്ടു കൂട്ടരുടേയും പ്രയോജനത്തിനായി നില കൊണ്ടു.”[41] ബർട്ടൺ കോഫിമാൻ പറഞ്ഞത് റോമാക്കാർക്ക് യെഹൂദന്മാരെ സഹിക്കാൻ കഴിഞ്ഞതിന് ഇടയാക്കിയ ഒരു മനുഷ്യനാണ് ഇല്ലാതായത്, പിന്നെ പറഞ്ഞത്, “ദൈവമാണ് ഒരു ദൂതനെ അയച്ചു ഹെരോദാവിനെ നശിപ്പിച്ചു എന്ന് ഇരുപതു വർഷങ്ങൾക്കു ശേഷം ടൈറ്റസും വെസ്പാനിയനും യെരുശലേം നശിപ്പിച്ചപ്പോൾ മനസ്സിലാക്കി.”[42]

തനിക്കെതിരെ മല്സരി ഉണ്ടാകാൻ പാടില്ല എന്ന പ്രഖ്യാപനമാണ്, ദൈവം ഹെരോദാവിനോട് ചെയ്തത് വെളിപ്പെടുത്തുന്നത്! ഈ ലോകം ദൈവത്തിന്റെ ഭരണനിയന്ത്രണത്തിൻകീഴിലാണ്, പീഢകരുടെ നിയന്ത്രണത്തിലല്ല. യേശു പറഞ്ഞു, “നിന്റെ ദൈവമായ കർത്താവിനെ നമസ്ക്കരിച്ചു, *അവനെ മാത്രമേ* ആരാധിക്കാവു എന്നു എഴുതിയിരി ക്കുന്നു” (മത്തായി 4:10; എംഫസിസ് മൈൻ).

**ഹെരോദാവിന്റെ അനുയായികൾ**

“ദേവൻ” എന്ന നിലയിലേക്കു തങ്ങളെ ഉയർത്തിയു ഹെരോദാവ് മാത്രമല്ല എന്നു കൂടെ പറയാതെ നാം അവസാനിപ്പിക്കുന്നില്ല. ഹെരോദാവിനു വർഷങ്ങളോളം അത്തരം അനുയായികൾ ഉണ്ടായിട്ടുണ്ട്.

അത്തരം പ്രസ്താവനകൾ നടത്തുമ്പോൾ, നാം മറ്റുള്ളവരെക്കുറിച്ചു പറയാൻ പ്രേരിതരാകുന്നു. ഉദാഹരണമായി, അക്ഷരികമായി ദേവൻമാർ

എന്നു ഗണിച്ചിരുന്നവരും ആരാധിച്ചിരുന്നവരും ഉണ്ടായിട്ടുണ്ട്. ഫറവോമാർ, കൈസർമാർ തുടങ്ങിയ മറ്റു പലരും. മുൻപൊരു പാഠത്തിൽ ഐത്യോപ്യരാജ്ഞിയായ കന്ദക്ക (8:27); അവളുടെ ഭർത്താവിനെ ഐത്യോപ്യക്കാർ ഒരു ദേവനായി കണക്കാക്കിയിരുന്നു. പിന്നെ അവരുടെ അനുയായികൽ *വിഗ്രഹാരാധകർ* ആയി. ചിലപ്പോൾ നാം "ഐഡെൽസ്" എന്ന വാക്കു അവതാരകരെ പറയാറുണ്ട്. "മൂവി ഐഡൽസ്," "ടീൻ - ഏജ് ഐഡൽസ്" എന്നു തുടങ്ങിയ ഉപയോഗമുണ്ട്. (ആ "ഐഡൽസ്" മാർക്ക് അതെങ്ങനെ തോന്നും എന്നറിയില്ല എനിക്കു അങ്ങനെ കേൾക്കുമ്പോൾ വല്ലാതെ തോന്നും!) നമുക്കു ചുററും ഇത്തരക്കാരുടെ ചിതകൾ, വാക്കുകൾ എന്നിവ അലയടിക്കും. അങ്ങനെ ആരാധിക്കയും സേവിക്കയും ചെയ്യുന്നവരെക്കുറിച്ചു റോമർ 1:25 പറയുന്നു "സൃഷ്ടികർത്താവിനേക്കാൾ സൃഷ്ടിയെ"; മറ്റൊരർത്ഥത്തിൽ *അവർ* സ്വയം ദൈവത്തെ ഉണ്ടാക്കുന്നു. തീർച്ചയായും, ഹെരോദാവ് ഇത് കുറ്റക്കാരാനായിരുന്നു. വീണ്ടും, നമ്മുടെ പ്രോയോഗികതയിൽ ഇതു ഊന്നൽ കൊടുക്കേണ്ടതാണ്.

പിന്നെ നമ്മുടെ വേദഭാഗം ഞാൻ വീണ്ടും നോക്കി 22 ഉം 23 ഉം വാക്യങ്ങൾ പറുന്നത്, "ഇതു മനുഷ്യന്റേതല്ല, ദൈവത്തിന്റെ ശബ്ദമത്രേ!" എന്നു ആളുകൾ ആർത്തു വിളിച്ച ശേഷം, "കർത്താവിന്റെ ദൂതൻ അവനെ [ഹെരോദാവിനെ] അടിച്ചു. *കാരണം അവർ ദൈവത്തിനു മഹത്വം കൊടുത്തില്ല*" (എംഫസിസ് മൈൻ) നെബുഖദ്നേസർ താൻ ചെയ്തതിൽ ദൈവത്തിനു മഹത്വം കൊടുക്കാതെ താൻ എടുത്തതു പോലെയായിരുന്നു ഹെരോദാവിന്റെ പാപവും. "ദൈവത്തിനു വഹത്വം കൊടുത്തില്ല" എന്ന പ്രയോഗം മറ്റു പ്രായോഗിതയിൽ നിന്നു ഭവനത്തിലേക്കു അടുപ്പിക്കുന്നു!

നാം എല്ലായ്പോഴും ദൈവത്തിനു മഹത്വം കൊടുക്കാറുണ്ടോ? ദൈവം നമ്മെ സമയം, താലന്തുകൾ, ചെറുതാണെങ്കിലും, ആരെങ്കിലും നമ്മെ അനുമോദിച്ചാൽ - നാം ദൈവത്തിനു ക്രെഡിറ്റ് കൊടുക്കുമോ? ഇന്റർവ്യൂവിനു പങ്കെടുത്ത ആളുകൾ അവരുടെ വർഷങ്ങൾ നീണ്ട പരിശ്രമത്തെയും ത്യാഗത്തെയും കുറിച്ച പറയുന്നത് നാം കേട്ടിട്ടില്ലേ? സത്യം എന്തെന്നാൽ എത്രയോ ആളുകൾ അതെല്ലാം ചെയ്തിട്ടും വിജയം കിട്ടാത്തവരുണ്ട്. ദൈവം വിജയിക്കുന്നവർക്ക് ചിലതു അധികം കൊടുത്തിരിക്കുന്നു - അതു അവർ തിരിച്ചറിയുകയും ദൈവത്തിനു മഹത്വം കൊടുക്കയും വേണം!

വളരെ മുൻപ്, ദാവീദ് പറഞ്ഞു, "എന്റെ ദൈവമായ കർത്താവേ, ഞാൻ പൂർണ്ണ ഹൃദയത്തോടെ നിന്നെ സ്തുതിക്കും, നിന്റെ നാമത്തെ എന്നേക്കും മഹത്വപ്പെടുത്തും" (സങ്കീർത്തനങ്ങൾ 86:12) പ്രവൃത്തികളുടെ പുസ്തകത്തിലുടെ നീളം, ഇത്തരം ആത്മാവുള്ളവരെ നമുക്കു കാണാം. മുടന്തൻ സൗഖ്യമായപ്പോൾ, "അങ്ങനെ സംഭവിച്ചതിൽ അവരെല്ലാം ദൈവത്തെ മഹത്വപ്പെടുത്തി" (4:21). കൈസര്യയിൽ സംഭവിച്ചതിനെ പത്രൊസ് യെരുശലേമിൽ വിവരിച്ചപ്പോൾ, അവർ "ദൈവത്തെ മഹത്വപ്പെടുത്തി" കാരണം അവൻ "ജാതികൾക്കു ജീവപ്രാപ്തിക്കായ് മാനസാന്തരം കൊടുത്തു" (11:18). നാം പൗലൊലിന്റെ മിഷണറി യാത്രയെ കുറിച്ചു

പഠിക്കുമ്പോൾ, അവൻ യാത്ര കഴിഞ്ഞ് അന്ത്യോക്യാ സഭയിൽ വന്നു, താനും തന്നോടു കൂടെയുള്ളവരും ചേർന്നു ചെയ്ത കാര്യങ്ങളെല്ലാം വിവരിച്ചു പറഞ്ഞത് പിന്നെയോ "*ദൈവം* അവരോടുകൂടെ ഇരുന്നു ചെയ്തെല്ലാം" ആയിരുന്നു (14:27; എംഫസിസ് മൈൻ).

ഒരിക്കൽ, വളരെക്കാലം ഉപദേഷ്ടാവും അദ്ധ്യക്ഷനും ആയിരുന്ന ഒരാളെ ആദരിച്ചു. എല്ലാ പ്രശംസകളും ശ്രദ്ധിച്ച ശേഷം അയാൾ പറഞ്ഞു, "നിങ്ങൾ ഒരു വേലിപ്പടിനരികിൽ നിൽക്കുന്ന ആമയാണ് നിങ്ങൾ എങ്കിൽ, ഒരു കാര്യം നിങ്ങൾക്കുറപ്പാക്കാം: അയാൾ അവിടെ എത്തിയതു തന്നെതാനല്ല!" പിന്നെ അദ്ദേഹം തന്നെ സഹായിച്ച എല്ലാവരോടും നന്ദി പറഞ്ഞു, അവസാനം താൻ എന്തെങ്കിലും നേടിയിട്ടുണ്ടങ്കിൽ അതിന്റെ ക്രെഡിറ്റ് ദൈവത്തിനു നൽകി തന്റെ വാക്കുകൾ അവസാനിപ്പിച്ചു. നാമെല്ലാവരും വേലിക്കരികിലെ ആമയെപ്പോലെയാണ്; നാം ഇവിടെ എത്തിയതു നമ്മുടെ കഴിവുകൊണ്ടല്ല! അവൻ മാത്രം മഹത്വത്തിനു യോഗ്യനാകയാൽ നമുക്കെല്ലാവർക്കും ദൈവത്തെ മഹത്വപ്പെടുത്താം.

**ഉപസംഹാരം**

സ്വാർത്ഥ ജീവിതത്തിന്റെ അപകട സ്ഥിതിയാണ് ഹെരോദാവിന്റെ ജീവിതവും മരണവും വ്യക്തമാക്കുന്നത്. "പ്രതാപത്തോടെ മരിക്കുന്നതിനെ" കുറിച്ചു നാം ഇന്നു പറയാറുണ്ട്. ഇതിനു നാം പൊതുവിൽ അർത്ഥം കൊടുക്കുന്നതു കൃത്യമ്മായി ജീവിപ്പിക്കാനുള്ള ആസ്പത്രി വ്യവസ്ഥകൾ കൂടാതെ മരിക്കുവാനുള്ള അവകാശമാണ്[43] സ്ഥാനത്തിനും പണത്തിനും വാങ്ങാവുന്ന ഡോക്ടർമാരും ചികിത്സയും നടത്താൻ ഹെരോദാവിനു കഴിയുമായിരുന്നു, എങ്കിലും ചില ആളുകൾ പ്രതാപരനിതമായി മരിക്കുന്നു. പ്രതാപത്തോടെയോ അല്ലയോ, ജീവൻ നിലനിർത്തുന്ന ഉപാധികളോടെയോ അല്ലയോ എന്നതല്ല പോയിന്റ്, മരിക്കപ്പെടുന്നതിനു മുൻപ് ഒരാൾ എങ്ങനെ ജീവിച്ചു എന്നതാണ്. നിങ്ങൾ പ്രതാപത്തോടെ ജീവിച്ചാൽ പ്രതാപത്തോടെ മരിക്കും. ചില വിശുദ്ധന്മാരുടെ ശരീരങ്ങൾ അർബുദവ്യാധിക്കാരായിട്ടുണ്ട്, എന്നാൽ അവർ മരിക്കുന്ന സമയം വരെ വിശ്വാസവും പ്രത്യാശയും അവരുടെ ചുണ്ടുകളിൽ കാണാമായിരുന്നു. "പ്രതാപത്തോടെ മരിക്കുക" എന്നതു വാസ്തവമാണ്.

ഞാൻ മരിക്കാൻ തയ്യാറാണോ? നിങ്ങളോ? നമ്മുടെ ജീവിതം കർത്താവിന്നു സമർപ്പിച്ചു ജീവിക്കാത്തിടത്തോളം – നാം അങ്ങനെ ജീവിക്കാൻ തുടങ്ങാത്തിടത്തോളം – മരിക്കാൻ തയ്യാറായിട്ടില്ല എന്നർത്ഥം.

**ദൃശ്യ - സഹായക്കുറിപ്പുകൾ**

ഈ പുസ്തകത്തിൽ "ഹെരോദാവിന്റെ വീട്" എന്ന ചാർട്ട് നിങ്ങൾക്കു വേണമെങ്കിൽ വലുതാക്കാം. അതു ഇതിൽ പ്രത്യക്ഷമാകും ഹെരോദാവ് മാരെ ഈ പാഠത്തിന്റെ ആദ്യ ഭാഗം അവലോകനം ചെയ്യുന്നതും എടുക്കാം.

## കുറിപ്പുകൾ

[1]ഈ ലക്ഷണങ്ങളോടുകൂടി ലിക്കാൻത്രോപ്പിയും ബോൺത്രോപ്പിയും എന്ന രണ്ടു രോഗങ്ങൾ ആണുള്ളത്. വ്യാധി എന്തായാലും രാജാവിനെ ബാധിച്ചത് ദൈവശിക്ഷക്കായിരുന്നു (ദാനിയേൽ 4:25). [2]മറ്റൊരു വിധത്തിൽ, അവർ മാനുഷിക നിയമത്തിനും ദൈവത്തിനും മീതെയാണെന്നു വിചാരിച്ചു. അവർ തങ്ങളുടെ ഇഷ്ടത്തെയും തങ്ങളെയും മാത്രം "ആരാധിച്ചു." [3]ഈ പുസ്തകത്തിലെ "ഹരോദാവിന്റെ ഭവനം" എന്ന ചാർട്ട് നോക്കുക. [4]ഗ്രീക്കുപേരായ "ഇഡൂമിയാ" എന്നാണ് പുതിയ നിയമത്തിൽ ഏദോമു ദേശത്തെ വിളിച്ചിരുന്നത് (മർക്കൊസ് 3:8) അവിടെ താമസിച്ചിരുന്നവരെ "ഇഡൂമിയൻസ്" എന്നറിയപ്പെട്ടിരുന്നു. [5]ഈ ശ്രദ്ധേയമായ പുരോഹിത കുടുംബത്തെ അസ്മോനിയൻസ് അല്ലെങ്കിൽ ഹസ്മോനിയൻസ് എന്നറിയപ്പെട്ടിരുന്നു. [6]പ്രവൃത്തികൾ 2 ലെ കൈസര്യയെക്കുറിച്ചുള്ള നോട്ടുകൾ നോക്കുക. [7]ബിസി 19-ൽ പുന:നിർമ്മാണം ആരംഭിച്ചെങ്കിലും അറുപത്തി - എട്ട് വർഷശേഷം ഹെരോദാവ് മരിക്കുന്നതു വരെ അതു പൂർത്തിയാക്കിയില്ല. [8]അവനു ധാരാളം രാഷ്ട്രീയ ശത്രുക്കൾ ഉണ്ടായിരുന്നു, അതു കൊണ്ട്, അവന്റെ ഭയം ന്യായീകരിക്കുന്നതായിരുന്നു. [9]ഒരു ഇട പഭുവിനെ ഒരു തരത്തിൽ രാജാവിന്റെ സ്ഥാനമുണ്ടായിരുന്നു; അതിനെ ഹെരോദാസ് അന്തിപ്പാസിനെ "ഹെരോദാ രാജാവ്" എന്നു വിളിച്ചിരുന്നു - മർക്കൊസ് 6:14. [10]ഉപേക്ഷിക്കപ്പെട്ട ഭാര്യ അറബിരാജാവായിരുന്ന അതേത്താസിന്റെ മകൾ ആയിരുന്നു. പ്രവർത്തികൾ 2-ാം ലക്കത്തിലെ (പ്രവൃത്തികൾ 9:23-25) ശൈൽ ദമസ്ക്കോസിൽ നിന്ന് രക്ഷപ്പെടുന്നതിന്റെ നോട്ടുകൾ നോക്കുക.

[11]ഹെരോദ്യാഅരിസ് തോബുലോസിന്റെ മകളും ഹെരോദ് ആഗ്രിപ്പാവിന്റെ സഹോദരിയുമായിരുന്നു. [12]ഈ പ്രദേശങ്ങൾ ഗലീലി കടലിന്റെ വടക്കു കിഴക്കു സ്ഥിതിചെയ്തിരുന്നു. [13]ഹെരോദാസ്മാരെക്കുറിച്ചു പൊതുവായിട്ടുള്ള ഒഴിവുകഴിവുള്ളവനായിരുന്നു അവൻ. തന്റെ പിതാവിനെ എടുക്കാതെ അവന്റെ അമ്മയെ വ്യക്തമായും എടുത്തിരുന്നു. [14]ഹെരോദാസ് അഗ്രിപ്പാ 1-ാംമന്റെ അപ്പനായിരുന്ന അരിസ്തൊബുലോസിനെപ്പറ്റി തിരുവെഴുകിൽ പറഞ്ഞിട്ടില്ല, എന്നാൽ വെറൊരു അരിസ്തൊബുലോസിനെ റോമർ 16:10-ൽ പറയുന്നത്. അനേകർ വിചാരിക്കുന്നത് റോമർ 16:10 ലെ അരിസ്തൊബുലൊസ് വലിയ ഹെരോദാവിന്റെ കൊച്ചുമകൻ ആണെന്നാണ്. അങ്ങനെയെങ്കിൽ, ഇതു ഹെരോദാ കുടുംബത്തിലെ പന്ത്രണ്ടാമനെയാണ് പുതിയ നിയമത്തിൽ പറയുന്നത്. ഈ അരിസ്തൊബുലോസ് ക്രിസ്ത്യാനിയാണെന്ന് റോമർ 16:10 വ്യക്തമാക്കുന്നില്ല, എന്നാൽ അവന്റെ ഭവനത്തിലെ ചിലർ സ്പഷ്ടമായും ക്രിസ്ത്യാനികളായിരുന്നു. ഒരു പക്ഷേ ഒരാൾ ദാസനായ ഹെരോദിയൻ ആയിരുന്നേക്കാം (റോമർ 16:11); "ഐയോൻ" അവസാനിപ്പിക്കുന്നതു (ഹെരോദാവിന്നുളളവൻ) അല്ലെങ്കിൽ ഹെരോദാസ്മാരിൽ ഒരാൾ എന്നാണ്. [15]ഹെൻറി ഈ ഡോസ്ക്കർ, "ഹെരോദ്," *ഇൻ ദി ഇന്റർ ന്യാഷണൽ ബൈബിൾ എൻസൈ ക്ലോപീഡിയ*, ഇഡി.ജെയിംസ്കാർ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം.ബി. എർഡമാൻസ് പബ്ലിഷിങ്ങ് കമ്പനി, 1960), 3:1378. [16]അഗ്രിപ്പാവിന്റെ പേരിനുവേണ്ടിയുള്ളവനായിരുന്നു അവൻ, അഗസ്തൊസ് കൈസരുടെ പ്രധാന മന്ത്രിയായിരുന്നു. [17]ജിമ്മി അലെൻ, *സർവെ ഓഫ് ആക്സ്,* വാല്യം 1 (സിയേഴ്സി, ആർക്ക്.: ബൈ ദി ദൂതർ, 1986), 135. [18]ഹെരോദ് അഗ്രപ്പാവിന്റെ യെഹൂദരക്തം വരുന്നത് അവന്റെ വല്യമ്മയായിരുന്ന മരിയാമിൽകൂടെയാണ്. [19]ശ്രദ്ധേയമായ ഒഴിവു കഴിവുള്ളതുകൊണ്ടാണ് ഞാൻ "ജെനെറലി" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്: ഹെരോദ്യക്കു യോഹന്നാൻ സ്നാപകനോട് വ്യക്തിപരമായ വൈരാഗ്യം ഉണ്ടായിരുന്നു. [20]ഓമ്നിപ്പൊട്ടെന്റ് എന്നാൽ "സർവ്വ - ശക്തൻ" എന്നത്.

[21]ഇതു അന്തർലീനമാണ്. [22]ഗ്രീക്കു വാക്ക് തർജ്ജിമയായ "എക്സാമിന്റ്" എന്നതിന്റെ അർത്ഥം "മുകളിലേക്കും താഴേക്കും പൂർണ്ണമായും ചോദിക്കുക" എന്നാണ്. [23]ഹെരോദാസ് എത്ര പടയാളികളെ കൊന്നു എന്നു നമുക്കറിഞ്ഞുകൂടാ. പത്രൊസ് രക്ഷപ്പെട്ടപ്പോൾ കാവൽ നിന്നിരുന്ന നാലു പടയാളികളെ തീർച്ചയായും കൊന്നിരിക്കും.

ഒരു പക്ഷെ മറ്റുള്ളവരേയും കൊന്നിരിക്കും: ആ സമയത്ത് പത്രോസിനെ നോക്കാൻ ഏൽപ്പച്ചിരുന്ന/മറ്റുള്ളവർ, ആ സ്ഥലത്ത് പൊതുവായി തടവു കാവലിനുണ്ടായിരുന്ന മറ്റുള്ളവരേയും കൊന്നു കാണാം. [24]"ഓമ്നീഷ്യന്റ്" അർത്ഥം "സർവ്വവും - അറിയുന്ന" എന്നാണ്. [25]ഈ പുസ്തകത്തിൽ മുമ്പുള്ള 11:19 ലെ നോട്ടുകൾ നോക്കുക. [26]1 രാജാക്കന്മാര 5:9-12; എസ്റാ 3:7. [27]ഹൂറേഗാ മെക് കോർഡ്സ് ന്യൂ ടെസ്റ്റ്മെന്റ് ട്രാൻസിലേഷൻ ഓഫ് ദി എവർലാസ്റ്റിങ്ങ് ഗോസ്പെൽ (ഹെന്റേർസൻ ടെൻ.: ഫ്രീഡ് - ഹാർഡ്മാൻ കോളേജ്, 1988). [28]ഒരു ഉടമ്പടി ഉണ്ടാക്കി കഴിഞ്ഞിരുന്നങ്കിൽ വെസ്റ്റേൺ, ടെക്സ്റ്റ് പറയുന്നതുപോലെ അതു വിളംമ്പരം ചെയ്യുവാനുള്ള സമയവും നിശ്ചയിച്ചിരിക്കും. [29]ജോസെഫസ് *ആന്റിക്വീറ്റീസ്* 19.8.2 (10-18). [30]*ആന്റി ക്വിറ്റിസ്* 19.8.2 (18-21).

[31]*ആന്റി ക്വിറ്റിസ്* 19.8.2 (25-26). [32]ലെയക്കാർഡ് ലൂയിസ് ലെവിസൺ, *വെബസ്റ്റേഴ്സ് ആൺഅബ്രെഫെഡ് ഡിക്ഷണറി* (ന്യൂയോർക്ക്: കോളിയർ ബുക്സ്, 1967), 89. [33]ഓൺ ദി ഡെയിഞ്ചർ ഓഫ് ഫ്ളാറ്ററ്റി, സങ്കീർത്തനങ്ങൾ 12:2-4; സദൃശ വാക്യങ്ങൾ 26:28. [34]ദൂതൻ ദൃശ്യമായിരുന്നു എന്ന സൂചന നമുക്കില്ല. [35]23-ാം വാക്യത്തിലെ "അടിച്ചു" എന്ന വാക്ക് 7-ാം വാക്യത്തിലെ "തട്ടി" എന്ന അതേ ഗ്രീക്കുവാക്കു തന്നെയാണ്. 7-ാം വാക്യത്തിൽ അതൊരു അനുഗ്രഹമാണ്, 23-ാം വാക്യത്തിലേതു ശാപമായിരുന്നു. [36]*ആന്റി ക്വിറ്റിസ്* 19.8.2 (32-58). [37]വിരകളെ റൗണ്ട്വേം, ടേപ്പ്വേം, ഹുക്ക് വേം, പിൻ വേം എന്നിങ്ങനെ അറിയപ്പെടുന്നു. [38]ഇതു സഭാവളർച്ചയെ മറ്റൊരു വിധത്തൽ പറയുന്നതാണ്. അ - ക്രൈസ്തവരായ ചിലർ ഹെരോദാവിന്റെ മരണം കണ്ടിരിക്കാം, തൽഫലമായി കുടുതൽ പേർ വചനം കേൾക്കുവാൻ തയ്യാറായി. [39]ഇതു പ്രാധാന്യമുള്ളതാണ്, കാരണം ഇതു പ്രവൃത്തികളുടെ പുസ്തകത്തിലെ മറ്റു തിയ്യതികൾ മനസിലാക്കാൻ സഹായിക്കും. [40]ഈ നാടുവാഴികളിൽ ഫെലിക്സും ഫെസ്തൊസും ഉൾപ്പെടുന്നത്, അവരെ നാം പിന്നീട് പ്രവൃത്തിയുടെ പുസ്തകത്തിൽ കാണും.

[41]"ഹെരോദ്," ഇൻ *എൻസൈക്ലോപീഡിയാ ബ്രിട്ടാനിക്ക.* [42]ജെയിംസ് ബർട്ടൻ കോഫ്മാൻ, *കമെന്ററി* ഓൺ ആക്ട്സ് (ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ്ങ് ഹൗസ്, 1976), 240. [43]ജീവൻ - നിലനിർത്തുന്ന ക്രിത്രിമ സംവിധാന തീരുമാനം പ്രശംസകരമാണെന്നതു ഞാൻ ചെറുതായി കാണുന്നില്ല. ഞാൻ പറയുന്നതു, എങ്ങനെയായാലും, ഒരാൾ എങ്ങനെയായാലം, ഒരാൾ എങ്ങനെ മരിക്കുന്നു എന്നതിനേക്കാൾ പ്രാധാന്യം അയാൾ എങ്ങനെ *ജീവിക്കുന്നു* എന്നതാണ്.